LIBRARY ARCHIVES Kerala Legislative Assembly

മലബാർ മേഖലയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് അനുവദിച്ച ബസ്സുകൾ

224 (4013) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. ലോഫ്ളോർ ബസ്സുകൾ, വോൾവോ, സൂപ്പർ ഡീലക്സ്, മലബാർ എന്നീ ഇനത്തിൽ എത്ര ബസ്സുകൾ വീതം പുറത്തിറക്കി എന്ന് വ്യക്തമാക്കുമോ ;

(ബി) മലബാർ മേഖലയിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ യാത്രാ ക്ലേശം പരിഹരിക്കുന്നതിന് പ്രസ്തുത മേഖലയിലുള്ള ഓരോ ഡിപ്പോകളിലേക്കും എത്ര വീതം ബസ്സുകൾ പുതുതായി അനുവദിച്ചു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വോൾവോ ബസ്സുകൾ മൂന്ന് എണ്ണവും സൂപ്പർ ഡീലക്സ് ബസ്സുകൾ 30 എണ്ണവും മലബാർ ബസ്സുകൾ 331 എണ്ണവും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരത്തിലിറക്കി. ഖിചഡഞങ പദ്ധതി പ്രകാരം കെ. എസ്. ആർ. ടി. സി. ഇപ്പോൾ 21 A/C ലോ ഫ്ളോർ ബസ്സുകളും 10 നോൺ A/C Semi Low Floor ബസ്സുകളും നിരത്തിലിറക്കി. ഇന്നേ ദിവസം വരെ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്നു.

(ബി) മലപ്പുറം ഡിപ്പോയിൽ 25 ബസ്സുകളും നിലമ്പൂർ ഓപ്പറേറ്റിംഗ് സെന്ററിൽ 23 ബസ്സുകളും പെരിന്തൽമണ്ണ ഡിപ്പോയിൽ 23 ബസ്സുകളും പൊന്നാനി ഡിപ്പോയിൽ 13 ബസ്സുകളും ചിറ്റൂർ ഡിപ്പോയിൽ 18 ബസ്സുകളും മണ്ണാർക്കാട് ഓപ്പറേറ്റിംഗ് സെന്ററിൽ 9 ബസ്സുകളും പാലക്കാട് ഡിപ്പോയിൽ 63 ബസ്സുകളും വടക്കാഞ്ചേരി ഡിപ്പോയിൽ 14 ബസ്സുകളും കോഴിക്കോട് ഡിപ്പോയിൽ 49 ബസ്സുകളും താമരശ്ശേരി ഡിപ്പോയിൽ 14 ബസ്സുകളും തൊട്ടിൽപാലം ഡിപ്പോയിൽ 14 ബസ്സുകളും വടകര ഓപ്പറേറ്റിംഗ് സെന്ററിൽ 9 ബസ്സുകളും കണ്ണൂർ ഡിപ്പോയിൽ 56 ബസ്സുകളും പയ്യന്നൂർ ഡിപ്പോയിൽ 30 ബസ്സുകളും തലശ്ശേരി ഡിപ്പോയിൽ 30 ബസ്സുകളും കൽപ്പറ്റയിൽ 21 ബസ്സുകളും മാനന്തവാടി ഡിപ്പോയിൽ 25 ബസ്സുകളും സുൽത്താൻബത്തേരി ഡിപ്പോയിൽ 31 ബസ്സുകളും കാസർഗോഡ് ഡിപ്പോയിൽ 69 ബസ്സുകളും ആകെ 536 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.

ഗോശ്രീ പാലം വഴി എറണാകുളം നഗരത്തിന്റെ വിവിധ പ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്ന കെ. എസ്. ആർ. ടി. സി. ബസ്സുകൾ

225 (4014) ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗോശ്രീപാലം വഴി എറണാകുളം നഗരത്തിന്റെ വിവിധ പ്രദേശങ്ങളിലേക്ക് എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളാണ് നിലവിൽ സർവ്വീസ് നടത്തി ക്കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

ഗോശ്രീ പാലം വഴി പതിനാല് (14) സർവ്വീസുകൾ എറണാകുളം നഗരത്തിന്റെ വിവിധ പ്രദേശങ്ങളിലേയ്ക്ക് കെ. എസ്. ആർ. ടി. സി. നടത്തി വരുന്നുണ്ട്. ഓരോ യൂണിറ്റിൽ നിന്നുമുള്ള സർവ്വീസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

എറണാകുളം	4 സർവ്വീസ്
കൊടുങ്ങല്ലൂർ	5 സർവ്വീസ്
നോർത്ത് പറവൂർ	4 സർവ്വീസ്
മാള	1 സർവ്വീസ്
ആകെ	14 സർവ്വീസ്

കെ. എസ്. ആർ. ടി. സി. കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച ബസ്സുകളും റൂട്ടുകളും

226 (4015) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയ്ക്ക് കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസ്സുകളും എത്ര പുതിയ റൂട്ടുകളും അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയ്ക്ക് (കാസർഗോഡ് ഡിപ്പോയ്ക്ക്) 69 പുതിയ ബസ്സുകളും 26 പുതിയ ഷെഡ്യൂളുകളും അനുവദിച്ചിട്ടുണ്ട്. ഷെഡ്യൂളുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

1. കാസർഗോഡ്- മംഗലാപുരം	11 സർവ്വീസ്
2. കാസർഗോഡ്-ബെളിഞ്ഞ	1 സർവ്വീസ്
3. കാസർഗോഡ്-കോഴിക്കോട്-എയർപോർട്ട്	1 സർവ്വീസ്
4. കാസർഗോഡ്-ബന്തടുക്ക-കൊളിച്ചാൽ-കാഞ്ഞങ്ങാട്	1 സർവ്വീസ്
5. കാസർഗോഡ്-റെയിൽവേ സ്റ്റേഷൻ-സിവിൽ സ്റ്റേഷൻ- ആദൂർ ക്ഷേത്രം	1 സർവ്വീസ്
6. കാസർഗോഡ്-ബാംഗ്ലൂർ	1 സർവ്വീസ്
7. കാസർഗോഡ്-പൊയിനാച്ചി	1 സർവ്വീസ്

LIBRARY ARCHIVES Kerala Legislative Assembly